## 2009 ഡിസംബർ 27

# യൽദായ്ക്കുശേഷം ഒന്നാം ഞായർ

## മത്താ 2:13-18

ഫാ. പ്രഭീഷ് ജോർജ്ജ്

തിരുപ്പിറവി നമ്മുടെ മനസിലേക്ക് കൊണ്ടുവരുന്നത് ഒരുപിടി നല്ല സ്മരണകളാണ്. അന്ധകാരത്തിലും അശാന്തിയിലുമായിരുന്ന ജനതയുടെ മുന്നിൽ പ്രകാശമായി ഉദിച്ചുയർന്ന ദൈവപുത്രന്റെ ജനനം ശാന്തിയുടെയും സമാധാനത്തിന്റെയും ഒരു പുതിയ പുലരിയാണ് പ്രദാനം ചെയ്തത്. എന്നാൽ ഈ ക്രിസ്തുമസ് ചിന്തകളിൽ നമ്മൾ സൗകര്യപൂർവം മറന്നുപോകുന്ന ചില ചരിത്രസത്യങ്ങളും അതിലുപരി വേദനാജനകമായ സംഭവങ്ങളും ഉണ്ട്. ഇപ്രകാരം നാം മറക്കാൻ ശ്രമിക്കുന്ന ഒരു രക്തചൊരിച്ചിലിന്റെ സംഭവമാണ് നാമിന്ന് വായിച്ചുകേട്ട വേദഭാഗം. ഹെറോദേസ് രാജാവിന്റെ രാഷ്ട്രീയ പകപോക്കലിൽ ജീവൻ നഷ്ടപ്പെട്ട നിരവധി പിഞ്ചുകുഞ്ഞുങ്ങളുടെ ദീനരോദനം ക്രിസ്തുമസ് രാത്രിയിലെ മാലാഖമാരുടെ ഗീതികളോടൊപ്പം ഉയർന്നു നിൽക്കുകയാണ്.

വി. മത്തായി ശ്ലീഹായുടെ സുവിശേഷരചനയിൽ ചരിത്രത്തിന്റെ ആവർത്തനമല്ല ക്രിസ്തു-സംഭവം. മറിച്ചു, ചരിത്രത്തിന്റെ പൂർത്തീകരണമാണ്. അതുകൊണ്ടാണ്, ക്രിസ്തുവിന്റെ ജനനം പ്രവാചകന്മാരിലൂടെ ദൈവം അറിയിച്ചിട്ടുള്ള പ്രവചനങ്ങളുടെ പൂർത്തീകരണമായിട്ട് അവതരിപ്പിക്കുന്നത്. ഇസ്രായേൽ ജനതയുടെ ഈജിപ്തിലേയ്ക്കുള്ള പലായനം നാം പഴയനിയമത്തിൽ കാണുന്നുണ്ട്. എന്നാലിവിടെ സ്വന്തം ജീവൻ സംരക്ഷിക്കാനായി ദൈവപുത്രൻ പിറന്നിട്ട് മണിക്കൂറുകൾ കഴിയുന്നതിനുമുമ്പേ പലായനം ചെയ്യേണ്ടി വരികയാണ്. ഇതും പ്രവചനങ്ങളുടെ പൂർത്തീകരണമായിട്ടാണ് സുവിശേഷകൻ അവതരിപ്പിച്ചിരിക്കുന്നത്. "ഈജീപ്തിൽ നിന്ന് ഞാൻ എന്റെ പുത്രനെ വിളിച്ചു." (ഹോസി 11:1).

ബെത്ലഹേമും ഈജിപ്തും തമ്മിലുള്ള അകലം 200 മൈലാണ്. ആഡംബരവും സുഖസൗകര്യങ്ങളും നിറഞ്ഞ വിവിധയിനം യാത്രാസൗകര്യങ്ങൾ ലഭ്യമായ ഈ കാലഘട്ടത്തിൽ 200 മൈൽ വലിയ ദൂരമല്ല. പക്ഷേ, ഇതൊന്നും ലഭ്യമല്ലാത്ത 2000 വർഷങ്ങൾക്കുമുമ്പ് ഈ ദൂരം വളരെ ദൈർഘ്യമേറിയതാണെന്നതിൽ അതിശയോക്തിയില്ല. അതിനാൽ, ദൈവത്തിന്റെ അരുളപ്പാടനുസരിച്ച് പരിശുദ്ധ കന്യകാമാതാവിനെയും ഉണ്ണിയേശുവിനെയും കൂട്ടിയുള്ള വി. യൗസേപ്പ് പിതാവിന്റെ യാത്ര ഏറെ ക്ലേശമേറിയതായിരുന്നു. ഒന്നിലധികം ദിവസത്തെയാത്ര അവർക്ക് അനിവാര്യമാണ്. പിറന്നുവീണ കുഞ്ഞിനേയും കൊണ്ടുള്ള യാത്ര വളരെ സാവകാശം മാത്രമേ സാധ്യമായിരുന്നുള്ളൂ. അമ്മയേയും കുഞ്ഞിനെയും സംരക്ഷിക്കാൻവേണ്ടിയുള്ള യാത്രപോലും അപകടം നിറഞ്ഞതായിരുന്നു. രാത്രിയുടെ ഇരുട്ടിലും, കല്ലും മുള്ളും നിറഞ്ഞ പാതയിലും, കവർച്ചക്കാരുടെയും കൊലപാതകികളുടെ കരാളഹസ്തങ്ങളിലും നിന്നുമൊക്കെ സംരക്ഷണം കണ്ടെത്തുക ഏറെ ദുഷ്ക്കരമായ ഒരു അവസ്ഥയാണ്.

ഹെറോദേസ് രാജാവിന്റെ ജീവിതം, രാഷ്ട്രീയ പകപോക്കലിന്റെ ചരിത്രമായിരുന്നു. സ്വന്തം അധികാരം നിലനിർത്താൻ കൂടപ്പിറപ്പുകളെയും രക്തബന്ധത്തെയും പോലും കൊന്നൊടുക്കിയ ക്രൂരനായ ഒരു രാജാവിനെയാണ് നാം ചരിത്രത്തിൽ കാണുന്നത്. അധികാരം നിലനിർത്താൻ ഏതു കുതന്ത്രവും ഉപയോഗിക്കാൻ മടിയില്ലാത്ത ആ രാജാവ്, തന്റെ അധികാരസീമയിൽ ഒരു പുതിയ രാജാവ് പിറന്നു എന്ന വാർത്ത ജ്ഞാനികളിൽ നിന്ന് ശ്രവിച്ചപ്പോൾ വളരെ അസ്വസ്ഥനായി. അതുകൊണ്ടാണ്, ജ്ഞാനികളോട് തിരികെ വന്ന് കുഞ്ഞിനെക്കുറിച്ച് തന്നെ അറിയിക്കണമെന്ന് രാജാവ് ഉത്തരവ് നൽകിയത്. എന്നാൽ ദൈവികപദ്ധതി അതിൽ നിന്ന് വ്യത്യസ്തമായിരുന്നു. അവിടെ അദ്ദേഹത്തിന്റെ തന്ത്രം പാളിപ്പോയി. ശിശുവായ യേശുവിനെ കണ്ടെത്തുക പ്രയാസമായതുകൊണ്ട് രണ്ടുവയസുവരെ പ്രായമുള്ള എല്ലാ ആൺകുട്ടികളെയും കൊല്ലുവാൻ കല്പന പുറപ്പെടുവിച്ചു. പിന്നീട് യൂദയായിലും പരിസരപ്രദേശങ്ങളിലും മുഴങ്ങികേട്ടത് മാലാഖമാരുടെ ശാന്തസുന്ദരമായ ഗാനങ്ങളല്ല, കുഞ്ഞുങ്ങളുടെയും അമ്മമാരുടെയും നെഞ്ചുതകർന്നുള്ള ദീനരോദനമായിരുന്നു.

യാക്കോബിന്റെ ഭാര്യ റാഹേലിന്റെ കരച്ചിലിനോടാണ് ഈ അമ്മമാരുടെ വിലാപത്തെ മത്തായി ശ്ലീഹാ ഉപമിക്കുന്നത്. ബെത്‌ലഹേമിനടുത്തുവച്ച് ഒരാൺകുഞ്ഞിനു ജന്മം നൽകിയ റാഹേൽ മരണത്തെ മുഖാമുഖം കണ്ടപ്പോൾ സ്വന്തം കുഞ്ഞിനെപ്രതി വിലപിക്കുകയാണ്. കാരണം, പ്രാർത്ഥനയോടെ കാത്തിരുന്നു ലഭിച്ച ആ ആൺകുഞ്ഞിന് മുലപാൽ നൽകി വളർത്താനും സ്വന്തം കൈകളിൽ താലോലിക്കാനും സാധിക്കില്ലായെന്ന തിരിച്ചറിവാണ്. അവളുടെ നിലവിളി ഒരു മരണവെപ്രാളം മാത്രമായിരുന്നില്ല. മറിച്ച്, മാതൃസ്നേഹത്തിന്റെ തേങ്ങൽകൂടിയായിരുന്നു. അവളുടെ കരച്ചിൽ ആരുടെയും കരളലിയിപ്പിക്കുന്ന ചിത്രമായിരുന്നു (ഉൽപ 35:16-18). അതിനെയാണ് ജറെമിയാ പ്രവാചകൻ ബെത്‌ലഹേമിന്റെ വിലാപമായി അവതരിപ്പിച്ചിരിക്കുന്നത്. "ഇതാ റാമായിൽ ഒരു സ്വരം! വിലാപത്തിന്റെയും ഹൃദയംതകർന്ന രോദനത്തിന്റെയും സ്വരം! റാഹേൽ തന്റെ മക്കളെച്ചൊല്ലി വിലപിക്കുന്നു. അവളുടെ മക്കളിൽ ആരും അവശേഷിക്കാത്തതിനാൽ അവൾക്ക് ആശ്വാസം കൊള്ളാൻ കഴിയുന്നില്ല." (ജറെ 31:15)

മത്തായിശ്ലീഹാ പഴയനിയമത്തിലെ രണ്ടു രക്തചൊരിച്ചിലുകൾ നമ്മുടെ മനസിലേയ്ക്ക് കൊണ്ടുവരികയാണ്. ഒന്നാമതായി, ഈജിപ്തിലുണ്ടായ ഹെബ്രായ കുഞ്ഞുങ്ങളുടെ രക്തചൊരിച്ചിൽ. രണ്ടാതായി, വിപ്രവാസത്തിന്റെ കാലഘട്ടത്തിലെ രക്തചൊരിച്ചിൽ. 590 ബി.സി.യിൽ യൂദയാ പിടിച്ചടക്കിയപ്പോൾ അവിടെ ഉയർന്ന കുഞ്ഞുങ്ങളുടെയും അമ്മമാരുടെയും വിലാപം ബെത്‌ലഹേമിന്റെ ചരിത്രത്തിൽ നിന്ന് മാഞ്ഞുപോയിട്ടില്ല. ഇത്തരം ചരിതസംഭവങ്ങളുടെ പശ്ചാത്തലത്തിലാണ് മത്തായി ശ്ലീഹാ ക്രിസ്തുവിന്റെ ജനനസമയത്തുള്ള കുഞ്ഞുങ്ങളുടെ രക്തസാക്ഷിത്വത്തെക്കുറിച്ച് വിവരിക്കുന്നത്.

ഹെറോദേസിന്റെ ക്രൂരമായ ഈ നടപടിയിൽ കൊല്ലപ്പെട്ട കുഞ്ഞുങ്ങളെക്കുറിച്ച് നമുക്ക് കൂടുതലായി ഒന്നും അറിയില്ല. അവരുടെ പേരോ, മാതാപിതാക്കളുടെ പേരോ ഒന്നുംതന്നെ. എത്ര പേരാണ് കൊല്ലപ്പെട്ടതെന്നുപോലും നമുക്ക് കൃത്യമായ കണക്കില്ല. പക്ഷേ വി. സുവിശേഷത്തിലെ വിവരണമനുസരിച്ച് ഒരു കാര്യം വ്യക്തമാണ്. ഹെറോദേസ് രാജാവിന്റെ അധികാരദുർമോഹത്തിന്റെ ഇരയായിട്ടാണ് അവർ മരിച്ചത്. ലോകത്തിലെ ഓരോ രക്തചൊരിച്ചിലുകളും അഹങ്കാരത്തിന്റെയും ദുർമോഹത്തിന്റെയും അനന്തരഫലമാണെന്ന് ചരിത്രം സാക്ഷിക്കുന്നു. യേശുക്രിസ്തുവിനെപ്രതിയാണ് ഈ കുഞ്ഞുങ്ങൾ മരിച്ചത്. ക്രിസ്തുവിനുവേണ്ടി ജീവൻവെടിഞ്ഞ ആദ്യ രക്തസാക്ഷികളാണവർ. അതിനാലാണ് തിരുസഭ അവരുടെ ഓർമ ആചരിക്കുന്നത്.

കുഞ്ഞുങ്ങളുടെ ദീനരോദനം കഴിഞ്ഞുപോയ ഒരു സംഭവം മാത്രമല്ല, ഓരോ കാലഘട്ടത്തിലും ആവർത്തിക്കപ്പെടുന്ന ദുഃഖസത്യം കൂടിയാണ്. എന്നാൽ, ഇത്തരം ദീനരോദനങ്ങൾ പലപ്പോഴും നാം കേൾക്കാതെ പോവുകയാണ്. നാമിന്ന് ജീവിക്കുന്ന ഈ ചുറ്റുപാടിൽ ഓരോദിവസവും ഇപ്രകാരമുള്ള നിരവധി കുഞ്ഞുങ്ങളുടെ കരച്ചിൽ ഉയരുന്നുണ്ട്. എന്നാൽ, അതുകേൾക്കാൻ നമുക്ക് സാധിക്കുന്നില്ല. ആശുപത്രിയുടെ ഇരുണ്ടമുറികളിൽ ഓരോ ദിവസവും സ്വന്തം ജീവനുവേണ്ടി നിലവിളിക്കുന്ന കുഞ്ഞുങ്ങളുടെ എണ്ണം ആയിരക്കണക്കിനാണ്. പക്ഷേ അത്തരം ശബ്ദങ്ങളെക്കാൾ ഉച്ചത്തിലുള്ള ആഘോഷങ്ങളുടെ ശബ്ദങ്ങൾ ഈ സമൂഹത്തിലുയരുമ്പോൾ അവരുടെ ദയനീയമായ നിലവിളി കേൾക്കാൻ നമ്മുടെ സമൂഹത്തിനു സാധിക്കാതെ വരുന്നു.

ജീവനുവേണ്ടിയുള്ള നിലവിളികൾ, ക്രിസ്തുവിനെ പ്രതിയാണെന്ന് നാം മറക്കരുത്. കാരണം, അവിടുന്ന് ഒരു മനുഷ്യശിശുവായി അവതരിച്ചത് "ജീവനുണ്ടാകാനും അത് സമൃദ്ധിയായി ഉണ്ടാകാനുമാണ്." ജീവൻ ദൈവത്തിന്റെ ദാനമാണ്. അത് ജീവിക്കുക എന്നത് ഓരോരുത്തരുടെയും അവകാശമാണ്. അതിനാൽ അത് നിഷേധിക്കുന്നത് ദൈവത്തോടുള്ള വെല്ലുവിളിയാണെന്ന് മറക്കാതിരിക്കുക. അതുപോലെ ജീവൻ സംരക്ഷിക്കുക എന്നത് ദൈവികമായ ഒരു ചുമതലയാണ്. ജീവന്റെ സംരക്ഷണത്തിനുവേണ്ടി നിലകൊള്ളുന്നവരെല്ലാം പ്രവാചകരാണ്. ദൈവത്തിന്റെ ഭൂമിയിലെ ശബ്ദമാണ് അവരിലൂടെ മുഴങ്ങിക്കേൾക്കുന്നത്. അതുകൊണ്ട് മനുഷ്യജീവന്റെ സംരക്ഷണത്തിലും അതിന്റെ മഹത്തം ഉയർത്തിപ്പിടിക്കുന്നതിനുമായി ദൈവത്തിന്റെ പ്രവാചകരായി നമുക്ക് അണിചേരാം.

@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@